## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2551** **17.08.2017 ൽ മറുപടിയ്ക്ക്**

## എക്സൈസ് ടവറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.എ.എം.ആരിഫ്** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | 2016-2017, 2017-2018 വർഷങ്ങളിലെ ബഡ്ജറ്റുകളിൽ എക്സൈസ് വകുപ്പിനായി എത്ര എക്സൈസ് ടവറുകൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും അറിയിക്കുമോ; | (എ) | 2016-17 വർഷത്തെ ബഡ്ജറ്റിൽ 4 എക്സൈസ് ടവറുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത ടവറുകൾ കോട്ടയം, പാലക്കാട്, തൃശ്ശൂർ, വയനാട് എന്നിവയാണ്. 2017-18 വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 3 എക്സൈസ് ടവറുകൾ കാസർഗോഡ്, കോഴിക്കോട്, മലപ്പുറം ജില്ലകളിലാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | ഇവയിൽ എത്ര ടവറുകൾക്ക് ഏതെല്ലാം ജില്ലയിൽ എവിടെയെല്ലാം എത്ര വീതം സ്ഥലംകണ്ടെത്തിയിട്ടുണ്ട്; | (ബി) | 4 ടവറുകൾ.<br>കോട്ടയം-കോട്ടയം താലൂക്കിൽ കോട്ടയം വില്ലേജിൽ ബ്ലോക്ക് നമ്പർ 90 ൽ സർവ്വേ നമ്പർ 5 ൽപ്പെട്ട 4.05 ആർ. സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്.<br>പാലക്കാട് - പാലക്കാട് താലൂക്കിൽ പാലക്കാട്- 3 വില്ലേജിൽ സർവ്വേ നമ്പർ 1725/2 ൽപ്പെട്ട 4.56 ആർ സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്.<br>തൃശ്ശൂർ - തൃശ്ശൂർ താലൂക്കിൽ അരണാട്ടുകര വില്ലേജിൽ സർവ്വേ നമ്പർ 320/3 ൽപ്പെട്ട 35 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്.<br>കാസർഗോഡ്- കാസർഗോഡ് താലൂക്കിൽ കാസർഗോഡ് വില്ലേജിൽ സർവ്വേ നമ്പർ 132/1 ബി, 132/4 ബി എന്നിയവയിലുൾപ്പെട്ട 50 സെന്റ് സ്ഥലം എക്സൈസ് വകുപ്പിന് സ്വന്തമായുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇത് സംബന്ധിച്ച പ്രവൃത്തികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; എക്സൈസ് ടവറുകളുടെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാകുമെന്ന് വിശദീകരിക്കാമോ? | (സി) | കോട്ടയം ടവറിന്റെ പണി പുരോഗമിച്ചുവരുന്നു. പാലക്കാട് ടവറിന്റെ ഭരണാനുമതി നൽകി. ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. തൃശ്ശൂർ ടവറിന്റെ സാമ്പത്തിക ഭരണാനുമതിക്കായുള്ള എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്ലാനും എസ്റ്റിമേറ്റും പരിശോധിച്ചുവരുന്നു. കാസർഗോഡ് പുതിയ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. വയനാട് ജില്ലയിലെ, എക്സൈസ് ടവർ നിർമ്മിക്കുന്നതിന് എക്സൈസ് വകുപ്പിന് സ്വന്തമായി സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്കായി പൊതുമരാമത്ത് വകുപ്പിനായി കൈമാറിയിട്ടുള്ള എക്സൈസ് ടവറുകളുടെ നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കുന്നതിന് നടപടിയെടുത്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**